# 90. ഭക്ഷ്യങ്ങളിൽ മായം

'ബലാത്സംഗം' എന്ന അർത്ഥത്തിലുള്ള 'റെയ്പ്' എന്ന ഇംഗ്ലീഷ്പദം ഇന്ത്യയിലെ അഭ്യസ്തവിദ്യർക്കെല്ലാം പരിചിതമായിരിക്കണം. 'കീര (കാബേജ്) വർഗത്തിൽപ്പെട്ട ഒരു ചെടി' എന്നുകൂടി ആ വാക്കിനർത്ഥമുണ്ടെന്നും ഈ ചെടിയുടെ വിത്ത് ആട്ടിയാൽ കിട്ടുന്ന എണ്ണ യന്ത്രഭാഗങ്ങളിൽ മെഴുക്ക് (ല്യൂബ്രിക്കൻറ്) ആയി ഉപയോഗിക്കാറുണ്ടെന്നും അടുത്തകാലത്താണ് ഞാൻ മനസ്സിലാക്കിയത്. സംസ്കരിച്ച് വിഷാംശങ്ങൾ നീക്കിക്കളഞ്ഞാൽ റെയ്പ്സീഡ് എണ്ണ ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കാനും ഉപയോഗിക്കാം.

ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യയെണ്ണകൾ ആവശ്യത്തിനു തികയാതായപ്പോൾ കാനഡയിൽനിന്ന് സ്റ്റേററ് ട്രേഡിങ് കോർപ്പറേഷൻ മുഖാന്തിരം റെയ്പ്സീഡ് എണ്ണ സർക്കാർ ഇറക്കുമതിചെയ്യാൻ തുടങ്ങി. മററു ഭക്ഷ്യയെണ്ണകളെ അപേക്ഷിച്ച് വില തുലോം തുച്ഛമാണെന്നതാണ് റെയ്പ്സീഡ് എണ്ണയുടെ മെച്ചം. ദോഷം, അതിലുള്ള വിഷാംശങ്ങൾ നീക്കിക്കളയാതെ റെയ്പ്സീഡ് എണ്ണ ഉപയോഗിച്ചാൽ ഉപയോഗിക്കുന്നവർക്കു പലതരം രോഗങ്ങൾ ഉണ്ടാവുമെന്നതും.

പടിഞ്ഞാറെ ബംഗാളിലെ ഗവണ്മെൻറിനുവേണ്ടിയാണ് സ്റ്റേററ് ട്രേഡിങ് കോർപ്പറേഷൻ റെയ്പ്സീഡ് എണ്ണ ഇറക്കുമതിചെയ്യുന്നത്. ഈ എണ്ണ പടിഞ്ഞാറെ ബംഗാളിലെ ഗവണ്മെൻറ് ഏറെറടുത്തു സ്വന്തം സംസ്കരണശാലകളിലേക്ക് അയയ്ക്കുന്നു. അവിടെവെച്ച് വിഷാംശങ്ങൾ നീക്കിക്കളഞ്ഞ എണ്ണ ടിന്നിലടച്ച് റേഷൻഷാപ്പുകളിലൂടെ വിതരണംചെയ്യുന്നു.

സ്റ്റേററ് ട്രേഡിങ് കോർപ്പറേഷനിൽനിന്നു റേഷൻ ഷാപ്പുകളിലെത്തുന്നതിനിടയ്ക്ക് എവിടെയോവെച്ച് റെയ്പ്സീഡ് എണ്ണ കട്ടുപോകാൻതുടങ്ങി. വില വളരെ കുറഞ്ഞ ഈ എണ്ണയിൽ ചില രാസവസ്തുക്കൾ ചേർത്താൽ അതിനു വില വളരെ കൂടിയ കടുകെണ്ണയുടെ മണമുണ്ടാവും. 'ടി. സി. ഫോസ്ഫേററ്' എന്ന രാസവസ്തുവാണത്രേ ഇതിനുപയോഗിക്കുന്നത്. ഈ രാസവസ്തു കലർത്തിയാൽ റെയ്പ്സീഡ് എണ്ണ കടുകെണ്ണയാണെന്നു പറഞ്ഞു വില്ക്കാം. കൽക്കത്തയിലെ ബഡാ ബസാറിൽ എണ്ണയിലെ മായംചേർക്കൽ വലിയൊരു വ്യവസായമായി വളർന്നിട്ടുണ്ടെന്നും, ആരുമതത്ര കാര്യമാക്കിയിട്ടില്ലെന്നുമാണു പറയപ്പെടുന്നത്.

കൽക്കത്തയിലെ 'ബേഹാലാ' എന്ന സ്ഥലത്തു് ഇക്കഴിഞ്ഞ ജൂലൈ അവസാനത്തിൽ ഒരു പ്രത്യേകതരം രോഗം പകർച്ചവ്യാധിപോലെ പെട്ടെന്നു പടർന്നുപിടിച്ചതായി കാണപ്പെട്ടു. സന്ധികളിൽ കഠിന വേദനയും കൈകാലുകളുടെ തളർച്ചയുമായിരുന്നു മുഖ്യ രോഗലക്ഷണം. നടക്കാൻ വയ്യ. നിലത്ത് ഊന്നുമ്പോൾ കാലുകൾ വളഞ്ഞുപോകുന്നു. ഈ രോഗികളുടെ സുഷുമ്നാനാഡിക്കും അതിൽനിന്നുള്ള നാഡീപടലങ്ങൾക്കും ഗൗരവാവഹമായ കേടു സംഭവിച്ചിട്ടുള്ളതായി വിദഗ്ദ്ധ ഡോക്ടർമാർ അഭിപ്രായപ്പെട്ടു. രോഗകാരണം ഒരു വിഷമാണെന്നും വിമാനത്തിനുള്ള പെട്രോളിൽ സാധാരണയായി ചേർക്കുന്ന ഒരു രാസവസ്തുവാണതെന്നും റെയ്പ്സീഡ് എണ്ണയിൽക്കൂടിയാണ് അതു രോഗികളുടെ ശരീരത്തിൽ എത്തിച്ചേർന്നതെന്നുമുള്ള നിഗമനത്തിൽ സ്കൂൾ ഓഫ് ട്രോപ്പിക്കൽ മെഡിസിനിലെ ശാസ്ത്രജ്ഞർ എത്തിച്ചേർന്നു. ഏതാനും ദിവസങ്ങൾക്കകം ബേഹാലയിലെ വിദ്യാസാഗർ ആസ്പത്രി ഇത്തരം രോഗികളെക്കൊണ്ടു നിറഞ്ഞു. ഇവരിൽ കൂടുതലും കുട്ടികളായിരുന്നു. ഈ രോഗികൾക്ക് എന്തു ചികിത്സ നൽകണമെന്ന കാര്യത്തിൽ വിദ്യാസാഗർ ആസ്പത്രിയിലെ ഡോക്ടർമാർക്കു വ്യക്തമായ ധാരണയൊന്നും ഉണ്ടായിരുന്നില്ല. വിററാമിൻ

ബി കോംപ്ലക്സും മററു ചില ഔഷധങ്ങളും ഇവർക്ക കൊടുത്തു് കൂടുതൽ നിർദേശങ്ങൾ വിദഗ്ധന്മാർ നൽകുമെന്നു കരുതി അവർ കാത്തു. ഏതാനും ദിവസങ്ങളിലെ ചികിത്സയ്ക്കുശേഷം വേദന മാറിയ രോഗികൾ ആസ്പത്രി വിട്ടതു തളർന്ന കൈകാലുകളോടെയാണ്. അവരിൽ പലരും ജീവിക്കുന്ന കാലമത്രയും നടക്കാൻ ശേഷിയില്ലാത്തവരോ ഞൊണ്ടികളോ ആയിരിക്കുമത്രെ.

റെയ്പ്സീഡ് എണ്ണയിൽ മായം കലർത്തിയിട്ടുണ്ടെന്ന വിവരം പരന്നപ്പോൾ ബേഹാലയിൽ ആകെ സംഭ്രമമായി. . മധുരപലഹാരക്കടകളിലേക്ക് ആളുകൾ തിരിഞ്ഞുനോക്കാതായി. 'എണ്ണ' എന്നു കേട്ടാൽ ആളുകൾ ഭയപ്പെട്ടുതുടങ്ങി. പോലീസുകാർ പലചരക്കുകടകളിൽനിന്നു പലതരം എണ്ണകൾ പിടിച്ചെടുത്തു പരിശോധനയ്ക്കയച്ചു. രോഗലക്ഷണങ്ങൾ കാണുന്നവരെ കൊണ്ടുവന്നു കിടത്തുവാൻ മൂന്നു ക്യാമ്പുകൾ ഈ പ്രദേശത്തു തുറന്നു. ചുരുങ്ങിയതു് ആയിരം ആളുകളെങ്കിലും രോഗബാധിതരായി. 400 പേരെങ്കിലും ആസ്പത്രികളിൽ പ്രവേശനം തേടി. രാഷ്ട്രീയക്കാർ ഈ സുവർണാവസരം ഉപയോഗിക്കാതിരിക്കുന്നതെങ്ങനെ? ജൂലൈ 25—ാം തീയതി കോൺഗ്രസ്സുകാർ ഒരു പ്രതിഷേധഘോഷയാത്ര നടത്തുകയും ജ്യോതിബസു മന്ത്രിസഭ രാജിവെക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഘോഷയാത്രക്കാർ പോലീസുകാരുമായി ഏററുമുട്ടി. പോലീസുകാരുടെനേരെ അഞ്ചു ബോംബുകൾ എറിയപ്പെട്ടു. അരമണിക്കൂറോളം പോലീസുകാരും പ്രകടനക്കാരും തമ്മിൽ പൊരിഞ്ഞ യുദ്ധംതന്നെ നടന്നു. 2256 പേരെ അറസ്റ്റ്ചെയ്തു ജാമ്യത്തിൽവിട്ടു.

ഭക്ഷ്യവസ്തുക്കളിലെ മായം കലർത്തലിന് ഈ പ്രക്ഷോഭംകൊണ്ടു വല്ല ഉപശാന്തിയും ഉണ്ടായോ? ഉണ്ടായില്ലെന്നാണ് ആഗസ്റ്റ് ആദ്യവാരത്തിൽ കല്ക്കത്തയിലെ ടോളിഗഞ്ജ്, ബൻസ്ദ്രോണി, പദ്മപുകുർ എന്നീ പ്രദേശങ്ങളിൽ പകർച്ചവ്യാധിപോലെ എണ്ണരോഗം പ്രത്യക്ഷപ്പെട്ടതിൽനിന്ന് ഊഹിക്കേണ്ടതു്.

ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തുകയെന്നതു വ്യാപകമായ തോതിൽ ഇന്ത്യയിൽ എത്രയോ കാലമായി നടന്നുവരുന്ന ഒരു തിന്മയാകുന്നു. കല്ക്കത്തയിലെ ദുരന്തം ഈ തിന്മയെ ഒന്നുകൂടി പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നു എന്നുമാത്രം. സർക്കാരിൻെറയും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെയും അശ്രദ്ധമൂലം ഈ തിന്മ നിയന്ത്രിക്കാനാവാത്തവിധം വളർന്നുകഴിഞ്ഞിട്ടുണ്ട്. മായം കലർത്തലിനെതിരെ പര്യാപ്തമായ നിയമങ്ങളില്ല. ഉള്ള നിയമത്തിൻെറ പഴുതുകളിലൂടെ ഊരിച്ചാടാൻ കുററവാളികൾക്ക യാതൊരു പ്രയാസവുമില്ല.

മായം കലർത്തൽ ഇന്ത്യയിൽ കോടിക്കണക്കിനു രൂപ ആദായമുള്ള ഒരു വൻകിട വ്യവസായമായിട്ടുണ്ട്. ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ, മരുന്നുകൾ, പ്രസാധനവസ്തുക്കൾ (കോസ്മററിക്സ്) എന്നിവയിലുള്ള മായംകലർത്തൽ നേരിട്ടും ഉടനെയും മനുഷ്യരുടെ ആരോഗ്യത്തിനു ഹാനി ചേർക്കുന്നു. പക്ഷേ, ഇതിലൊന്നും ആർക്കും ഒരു ശ്രദ്ധയുമില്ല. മാത്രമല്ല, കുററക്കാർക്ക് അധികൃതസ്ഥാനങ്ങളിൽ ധാരാളം സംരക്ഷകരുണ്ട്. പാവപ്പെട്ട ഉപഭോക്താക്കൾക്കാണെങ്കിൽ മായംകലർത്തൽ സംബന്ധിച്ച വ്യക്തമായ ധാരണകളുമില്ല.

പച്ചക്കറികൾ, പഴങ്ങൾ, പാൽ, ഗവ്യങ്ങൾ, ഭക്ഷ്യ—എണ്ണ, ധാന്യങ്ങൾ, പഞ്ചസാര, ചായ, കാപ്പിപ്പൊടി, ശിശുഭക്ഷ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ— അങ്ങനെ എല്ലാത്തരം ഭക്ഷ്യ-പാനീയവസ്തുക്കളിലും ഏറിയോ കുറഞ്ഞോ മായം ഇന്ത്യയിൽ കലർത്തപ്പെടുന്നുണ്ട്.

കടുകെണ്ണയിലും വനസ്പതിയിലും നെയ്യിലും റെയ്പ്സീഡ് എണ്ണ കലർത്തുന്നതു് ഇപ്പോൾ സാധാരണയാണ്. അതുംപോരാഞ്ഞു് റെയ്പ്സീഡ് എണ്ണ രാസവസ്തുക്കൾ കലർത്തി കടുകെണ്ണയെന്നപേരിൽ വിററതാണ് ബേഹാലയിലെ ദുരന്തത്തിനു കാരണം. ബേഹാലയിൽ ഈ ദുഷ്കൃത്യംചെയ്ത കച്ചവടക്കാരനെപ്പററി പല വിവരങ്ങളും പത്രങ്ങൾ നൽകിയിട്ടുണ്ട്. കൽക്ക

ത്തയിലെ റെയ്പ്സീഡ് കരിഞ്ചന്തയുടെ നേതാവ്. അയാളാണത്രേ പോലീസ്സിനു് അയാളെപ്പറ്റി എല്ലാ വിവരവും അറിയാം. എന്നിട്ടെന്തു്? അയാൾക്കു് രാഷ്ട്രീയസംരക്ഷണം ലഭിക്കുന്നുണ്ടാവണം. ഇല്ലെങ്കിൽ, സർക്കാർ കാനഡയിൽനിന്നു് ഇറക്കുമതിചെയ്യുന്ന റെയ്പ്സീഡ് എണ്ണ ഇയാളുടെ കൈയിൽ എത്തുന്നതെങ്ങനെ?

കടുകെണ്ണയിൽ മായമായി ചേർക്കുന്നതു റെയ്പ്സീഡ് എണ്ണ മാത്രമല്ല. വിലകുറഞ്ഞ പലതരം സസ്യ എണ്ണകൾക്കു പുറമെ പെട്രോൾ ഉണ്ടാക്കുമ്പോൾ ഉപോല്പന്നമായി കിട്ടുന്ന വൈറ്റ് ഓയിൽ, പലതരം ഖനിജ എണ്ണകൾ, യന്ത്രങ്ങളിൽ ഉപയോഗിച്ചു പുറന്തള്ളുന്ന കേടുവന്ന എണ്ണകൾ മുതലായവ ഇതിനായി ഉപയോഗിക്കുന്നു. പരുത്തിക്കുരു, റബ്ബർക്കുരു, ചായച്ചെടിയുടെ കായ എന്നിവ ആട്ടിയെടുക്കുന്ന എണ്ണകൾകൂടി ഇങ്ങനെ മായമായി മാറുന്നുണ്ടത്രേ.

കടുകെണ്ണയെക്കാൾ വിലയേറിയവയാണു വെളിച്ചെണ്ണ, എള്ളെണ്ണ, കടലയെണ്ണ എന്നിവ. ഇവയിൽ കടുകെണ്ണയും മുമ്പു പറഞ്ഞ വിലകുറഞ്ഞ പലതരം എണ്ണകളും മായമായി കലർത്തപ്പെടുന്നു. മോശമായ എണ്ണകൾക്കു കടുകെണ്ണയുടെ മണംകൊടുക്കാൻ ഉപകരിക്കുന്ന 'എസ്സെൻസു'കൾ ഇപ്പോൾ മാർക്കറ്റിൽ കിട്ടുമത്രേ. നിങ്ങൾ വെളിച്ചെണ്ണ (തേങ്ങയെണ്ണ) വാങ്ങുമ്പോൾ സൂക്ഷിക്കുക. അതിൽ 'വൈറ്റ് ഓയിൽ' എന്ന മണ്ണെണ്ണ ഉല്പന്നം, കടലയെണ്ണ, പരുത്തിക്കുരു എണ്ണ, കാറിയ മറ്റുതരം എണ്ണകൾ എന്നിവ കലർന്നിരിക്കാൻ സാദ്ധ്യതയുണ്ടു്.

എണ്ണകളിലെ കലർപ്പുകൾ ഭക്ഷണസാധനങ്ങളിലൂടെ ശരീരത്തിനകത്തു കടക്കുന്നതിൻഫലമായി മഹോദരം (ഡ്രോപ്സി), പലതരം നേത്രരോഗങ്ങൾ, ഹൃദ്രോഗങ്ങൾ, ക്യാൻസർ മുതലായവ ഉണ്ടാകാൻ സാദ്ധ്യതയുണ്ടു്; ദഹനക്ഷയവും വയറിന്റെ പലതരം അസുഖങ്ങളും തീർച്ചയാണെന്നു പറയേണ്ടതുമില്ല. ടി. സി. ഫോസ്ഫേറ്റ് എന്ന രാസവസ്തു എണ്ണയിൽ കലർത്തിയതുമൂലം ബേഹാലയിൽ ആയിരത്തോളം ആളുകൾക്കു വന്നുപെട്ട തളർച്ചരോഗത്തെപ്പറ്റി മുമ്പു പറഞ്ഞുവല്ലോ.

പാലിൽ വെള്ളം കലർത്തുന്നതു പണ്ടേയുള്ള പതിവാണു്. കലർത്തുന്ന വെള്ളം ചെളി കലങ്ങിയതാണെങ്കിൽ ആ പാൽ കഴിക്കുന്നതു് ആപൽക്കരമാകുന്നു. പാലുല്പന്നങ്ങളിൽ പലതരം കൊഴുപ്പുകൾ, ധാന്യനൂറുകൾ, ഒപ്പുകടലാസ് മുതലായവ കലർപ്പായി ചേർക്കാറുണ്ടു്. നെയ്യിൽ കലർപ്പായി വനസ്പതി, പലതരം എണ്ണകൾ, അരച്ച ഉരുളക്കിഴങ്ങു് എന്നിവ ചേർക്കുന്നു. വനസ്പതിയിൽ മൃഗക്കൊഴുപ്പുകളും വിലകുറഞ്ഞ റെയ്പ്സീഡ് എണ്ണപോലെയുള്ള സസ്യ എണ്ണകളും ഖനിജ എണ്ണകളും കലർത്തുന്നു. ഐസ്ക്രീമിൽ ദോഷകരങ്ങളായ രാസച്ചായങ്ങളും സാക്കറീൻപോലെയുള്ള മധുരവിഷങ്ങളും കലർപ്പായി ഉപയോഗിക്കുന്നു.

തുവരപ്പരിപ്പിൽ കലർത്തുന്ന കേസരിപ്പരിപ്പു ഭക്ഷിച്ചവരുടെ കൈകാലുകൾ തളർന്നുപോകുന്നു. ഇക്കാര്യം എത്രയോ വർഷങ്ങൾമുമ്പു് അറിയപ്പെട്ടിട്ടുള്ളതാണു്. എന്നിട്ടും മദ്ധ്യപ്രദേശിൽ വിളയുന്ന കേസരിപ്പരിപ്പു് ഇപ്പോഴും ഇന്ത്യയൊട്ടുക്കു തുവരപ്പരിപ്പിൽ കലർത്തപ്പെടുന്നു.

വാടിയ പച്ചക്കറികൾക്കു പുതുമതോന്നിക്കാൻ അവയുടെമീതെ രാസച്ചായങ്ങൾ കലക്കി തളിക്കാറുണ്ടു്. ആപൽക്കരങ്ങളായ രാസച്ചായങ്ങൾ കലർത്തിയാണു പലപ്പോഴും കേക്കുകൾ, ബിസ്കറ്റുകൾ മുതലായവ തയ്യാറാക്കുന്നതു്. രോഗികളുടെ ഭക്ഷണമെന്നു കരുതപ്പെടുന്ന സാഗോ അരിയിലുമുണ്ടു് മായക്കലർപ്പു്. ശിശുഭക്ഷ്യങ്ങളും മായത്തിൽനിന്നു വിമുക്തങ്ങളല്ല.

മായം കലർത്തൽ നിരോധിക്കുന്നതിനു് 1954—ൽ പാസ്സാക്കിയ ഭക്ഷ്യമായംകലർപ്പു് നിരോധ നിയമവും (പ്രിവെൻഷൻ ഓഫ് ഫുഡ് ആഡൾട്ടറേഷൻ ആക്ട്) ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ, പ്രസാധന വസ്തുക്കൾ എന്നിവയിൽ മായം കലർത്തൽ നിരോധിക്കുന്ന 1974—ലെ നിയമവും (പ്രിവെൻഷൻ

ഓഫ് ഫുഡ് ആഡൾട്ടറേഷൻ, (ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട്) അവയുടെ ഉദ്ദേശ്യം നിറവേറ്റുന്നതിനു പര്യാപ്തങ്ങളല്ല. അതിനാൽ, ഈ നിയമങ്ങൾക്കു കീഴിൽ ആയിരക്കണക്കിനു കേസ്സുകൾ രജിസ്റ്റർചെയ്തിട്ടുണ്ടെങ്കിലും കുറ്റവാളികൾ വിരളമായേ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂ.

കടയിൽനിന്നു കിട്ടിയ ഭക്ഷ്യപദാർത്ഥങ്ങളിലോ ഔഷധങ്ങളിലോ പ്രസാധനവസ്തുക്കളിലോ മായമുണ്ടെന്നു സംശയം തോന്നിയാൽ നിങ്ങൾ എന്തു ചെയ്യണം?

ഓരോ ജില്ലയിലുമുള്ള ചീഫ് ഫുഡ് ഇൻസ്പെക്ടർക്കു നിങ്ങൾ രേഖാമൂലം പരാതിനൽകണം. നഗരസഭകളിൽ പരാതികൾ ഹെൽത്ത് ഓഫീസർക്കാണു നൽകേണ്ടതു്. ചീഫ് ഫുഡ് ഇൻസ്പെക്ടർ സ്ഥലത്തുചെന്നു കലർപ്പുള്ള സാമ്പിൾ കസ്റ്റഡിയിലെടുത്തു പരിശോധിക്കുകയും ആവശ്യമായ നടപടികൾ എടുക്കുകയുംചെയ്യും.

(എന്നാൽ, കോഴിക്കോട് നഗരസഭയിൽ ഇപ്പോൾ ചീഫ് ഫുഡ് ഇൻസ്പെക്ടർ ഇല്ല; ഉള്ള ഫുഡ് ഇൻസ്പെക്ടർമാർക്കു സാമ്പിളുകൾ കസ്റ്റഡിയിലെടുക്കാൻ അധികാരവുമില്ല. അതിനാൽ, നഗരസഭക്കകത്തു മായം കലർപ്പു നിർബാധം തുടരാമെന്ന സാഹചര്യമാണ് ഇതെഴുതുമ്പോൾ നിലവിലുള്ളതു്.)

ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരുടെ കീഴിൽ സർക്കിൾ ഫുഡ് ഇൻസ്പെക്ടർമാരുണ്ടു്. പഞ്ചായത്തുകളിൽ മായംകലർത്തൽ സംബന്ധിച്ച പരാതികൾ കൈകാര്യംചെയ്യുന്നതു് ഇവരാണ്. ഇവർക്കു പുറമെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ ആസ്ഥാനമാക്കി മൂന്നു മൊബൈൽ സ്ക്വാഡുകൾ മായംകലർത്തുന്നതു പരിശോധിക്കാനും തടയാനുമായി നിയമിക്കപ്പെട്ടിരിക്കുന്നു. മായംകലർപ്പു സംബന്ധിച്ച പരാതികൾ ഈ സ്ക്വാഡുകൾക്കും നൽകാവുന്നതാണ്.

മായം കലർത്തലിനെതിരെ ശക്തിയായ പൊതുജനാഭിപ്രായം വളർത്തുകയാണ് ആദ്യമായി വേണ്ടതു്. തുടർന്നു മായംകലർത്തിയ ഭക്ഷ്യങ്ങളും ഔഷധങ്ങളും വില്ക്കുന്ന കടയുടമകളെ തൊലിയുരിച്ചു കാണിക്കുന്നതിനു നിരന്തരം പ്രവർത്തിക്കുന്ന സംവിധാനങ്ങൾ ജനകീയാടിസ്ഥാനത്തിൽ ഉണ്ടാക്കണം. ശരിയായ ജനകീയ ബോധവൽക്കരണം ഉണ്ടെങ്കിൽ മാത്രമേ മായംകലർത്തലിനെതിരായ നിയമങ്ങളും സർക്കാർ സംവിധാനങ്ങളും എന്തെങ്കിലും പ്രയോജനമുളവാക്കുകയുള്ളൂ.

ഇത്തരമൊരു ബോധവൽക്കരണം എത്രയും ആവശ്യമായിരിക്കുന്നുവെന്ന വസ്തുതയാണ് കൽക്കത്തയിലെ എണ്ണദുരന്തം നമ്മുടെ മുമ്പിൽ സമർപ്പിക്കുന്നതു്. ആരു കാണാൻ? ആരു ശ്രദ്ധിക്കാൻ?

(15 ആഗസ്റ്റ്, 1988)

# 91. മരുന്നാണോ? കഴിക്കാൻ വരട്ടെ!

ബോംബെയിലെ ജെ. ജെ. ഹോസ്പിറ്റലിൽ 1986 ജനുവരിയിൽ പതിന്നാലു രോഗികൾ സംശയാസ്പദമായ സാഹചര്യത്തിൽ മരണമടഞ്ഞു. ദുഷിച്ച മരുന്നു കഴിച്ചതിനാലാണ് ഇവർ മരിച്ചതെന്ന് ആരോപിക്കപ്പെട്ടു. ഇതിനെത്തുടർന്നു വലിയ പൊതുജന പ്രക്ഷോഭം ഉണ്ടായപ്പോൾ ബോംബെ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായ ജസ്റ്റിസ് ബി. ലെൻടിന്റെ അധ്യക്ഷതയിൽ ഒരു കമ്മീഷനെ രോഗികളുടെ മരണകാരണം അന്വേഷിച്ചു റിപ്പോർട്ട്ചെയ്യാൻ ബോംബെ ഗവണ്മെന്റ് നിയമിച്ചു. ജെ. ജെ. ഹോസ്പി